⇨ ഈ സംഭവങ്ങൾ കാരണം ഞാൻ വല്ലാതെ അസ്വസ്ഥനായിരുന്നു ⇨

# നിങ്ങളെത്തേടി എത്തുംമുമ്പെങ്കിലും നിങ്ങൾ ശബ്ദമുയർത്തുക

"മുപ്പതിൽപരം വരുന്ന എന്റെ പുസ്തകങ്ങളിലോ, നിരവധിയായ പ്രബന്ധങ്ങളിലോ, ലേഖനങ്ങളിലോ, രാജ്യത്തിനകത്തും പുറത്തുമുള്ള പ്രഭാഷണങ്ങളിലോ അഭിമുഖങ്ങളിലോ അക്രമത്തിനോ വിധ്വംസക പ്രവർത്തനങ്ങൾക്കോ ഹേതുവാകുന്ന ഒന്നും തന്നെ കണ്ടെത്തുവാൻ സാധിക്കില്ല. എന്നാൽ ഇന്നിതാ എനിക്ക് മേൽ യു.എ.പി.എ ചുമത്തപ്പെട്ടിരിക്കുന്നു."
ജയിലേക്കു പോകുന്നതിന് മുമ്പ് ഇന്ത്യയിലെ ജനങ്ങൾക്കായി എഴുതിയ തുറന്ന കത്ത്.

**ആനന്ദ് തെൽതുംദെ**

**ബി.ജെ.പിയുടെയും** ആർ.എസ്.എസിന്റെയും അട്ടഹാസങ്ങൾക്കിടയിലും അവർക്കു വേണ്ടി കുഴലൂത്ത് നടത്തുന്ന മാദ്ധ്യമങ്ങളുടെ കോലാഹലങ്ങൾക്കിടയിലും ഇത് മുങ്ങിപ്പോകുമെന്ന് എനിക്കറിയാം. എന്നാലും എനിക്ക് സുപ്രധാനമായ ചിലത് നിങ്ങളോട് പറയാനുണ്ട്. ഇനി ഒരവസരം ഉണ്ടാകുമോ എന്നറിയില്ല.

ഞാൻ താമസിച്ചിരുന്ന ഗോവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ വസതി 2018ൽ പോലീസ് റെയ്ഡ് ചെയ്തതോടെ തന്നെ എന്റെ ലോകം തകിടം മറിഞ്ഞിരുന്നു. ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് സ്വപ്നത്തിൽ പോലും കരുതാത്ത കാര്യങ്ങളാണ് പിന്നീട് ജീവിതത്തിലേക്ക് കടന്നുവന്നത്. വ്യത്യസ്ത യൂണിവേഴ്സിറ്റികളിൽ നടത്തപ്പെട്ടിരുന്ന എന്റെ പ്രഭാഷണങ്ങളുടെ സംഘാടകരെ പോലീസ് ഭീഷണിപ്പെടുത്തുന്നതും എന്നെക്കുറിച്ചുള്ള ചോദ്യങ്ങളാൽ അവരെ ബുദ്ധിമുട്ടിക്കുന്നതും ഞാൻ അറിയുന്നുണ്ടായിരുന്നു. എന്നാൽ വർഷങ്ങൾക്കു മുൻപ് വീടുവിട്ടുപോയ എന്റെ സഹോദരനെക്കുറിച്ചാണ് ആ അന്വേഷണമെന്നും പോലീസുകാർക്ക് ആളുമാറിയതാകാം എന്നുമായിരുന്നു ആദ്യമൊക്കെ ഞാൻ കരുതിരിയിരുന്നത്. ഖരഗ്പൂർ ഐ.ഐ.ടിയിൽ ഞാൻ അദ്ധ്യാപനം നടത്തുന്ന കാലത്ത് ബി.എസ്.എൻ.എൽ ഉദ്യോഗസ്ഥൻ ആണെന്ന് പരിചയപ്പെടുത്തിയ ഒരാൾ വിളിച്ചിരുന്നു. എന്റെ അഭ്യുദയകാംക്ഷിയാണെന്നും ഏറെ ബഹുമാനിക്കുന്നുവെന്നും പറഞ്ഞു പരിചയപ്പെടുത്തിയ അദ്ദേഹം എന്റെ ഫോൺ ചോർത്തപ്പെടുന്നുണ്ട് എന്ന് മുന്നറിയിപ്പും നൽകി. എന്നാൽ ഞാൻ കാര്യമായൊന്നും ചെയ്തില്ല. സിം കാർഡ് മാറ്റുക പോലും ഉണ്ടായില്ല. ഈ സംഭവങ്ങൾ കാരണം ഞാൻ വല്ലാതെ അസ്വസ്ഥനായിരുന്നു. എന്നാൽ ഞാൻ ഒരു സാധാരണക്കാരൻ മാത്രമാണെന്നും, എന്റെ ഇടപെടലുകളിലൊന്നും യാതൊരു നിയമലംഘനവും ഇല്ലെന്നും പോലീസിനെ എനിക്ക് ബോധ്യപ്പെടുത്താനാകുമെന്ന് വിശ്വസിച്ചു.

പൗരാവകാശ പ്രവർത്തകരെ പൊതുവെ പൊലീസിന് അത്ര താത്പര്യമല്ല. കാരണം അവർ എപ്പോഴും ചോദ്യങ്ങൾ ഉയർത്തുന്നത് പൊലീസിന് ലക്ഷ്യമാക്കിക്കൂടിയാണ്. ഞാനും ആ ഗണത്തിലായതിനാലാകാം പോലീസിന്റെ ഈ സമീപനം എന്ന് ചിന്തിച്ചു. എന്നാൽ ജോലി സംബന്ധമായ തിരക്കുകളാൽ ആക്ടിവിസ്റ്റിന്റെ കുപ്പായമണിയാൻ എനിക്ക് അധികം നേരമില്ല എന്ന് പൊലീസിന് തന്നെ മനസിലാകുമല്ലോ എന്നാശ്വസിച്ചു. പെട്ടെന്നൊരു ദിവസം എന്റെ സ്ഥാപനത്തിന്റെ ഡയറ



ക്ടറുടെ ഫോൺ കോൾ എനിക്ക് വന്നു. പോലീസ് ക്യാമ്പസിനുള്ളിൽ കയറി തിരച്ചിൽ നടത്തുകയും എന്നെ അന്വേഷിക്കുകയും ചെയ്യുന്നു എന്നുള്ളതായിരുന്നു വിവരം. കുറച്ചു നേരത്തേക്ക് ഞാൻ സ്തബ്ധനായി. തൊഴിൽപരമായ ആവശ്യത്തിനായി ഞാൻ മുംബൈ നഗരത്തിൽ എത്തിയിട്ട് മണിക്കൂറുകൾ പോലും ആയിരുന്നില്ല. പോലീസ് റെയ്ഡ് ചെയ്ത വീടുകളിലെ താമസക്കാരെയൊക്കെ അറസ്റ്റ് ചെയ്തിരുന്നു. സത്യത്തിൽ തലനാരിഴക്കാണ് ഞാൻ അന്ന് രക്ഷപ്പെട്ടത്. എന്നെപ്പറ്റിയുള്ള വിവരങ്ങൾ പൊലീസിന് കൃത്യമായി അറിയാമായിരുന്നെങ്കിലും അവർക്കുമാത്രം അറിയാവുന്ന കാരണങ്ങളുടെമേൽ എന്നെയും അന്നേ അറസ്റ്റ് ചെയ്യാമായിരുന്നു. എന്നാൽ അതുണ്ടായില്ല.

സെക്യൂരിറ്റിയുടെ കയ്യിൽ നിന്നും ഒരു ഡ്യൂപ്ലിക്കറ്റ് താക്കോൽ സംഘടിപ്പിച്ചു അവർ എന്റെ വസതി തുറന്നു. ഉൾഭാഗം വിഡിയോയിൽ പകർത്തി വീട് പൂട്ടി താക്കോൽ തിരികെ ഏൽപ്പിച്ചു. ദുരിതം ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. വക്കീൽ നിർദ്ദേശപ്രകാരം തൊട്ടടുത്ത നിമിഷം തന്നെ ഭാര്യ ഗോവയിൽ എത്തുകയും ബിച്ചോലിം പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തു. ഞങ്ങൾ ഇല്ലാത്ത സമയത്ത് പോലീസ് അതിക്രമിച്ച് വീടിനുള്ളിൽ കയറിയെന്നും അതിനാൽ അവർ അവിടെ എന്തെങ്കിലും കെണിയൊരുക്കിയിട്ടുണ്ടെങ്കിൽ ഞങ്ങൾ ഉത്തരവാദികളല്ല എന്നും പരാതിയിൽ പറഞ്ഞു. ഞങ്ങളുടെ ടെലിഫോൺ നമ്പറുകൾ സഹിതം അന്വേഷണം നടത്താനായി അവർക്ക് കൈമാറി.

എന്നാൽ വിചത്രമായതാണ് സംഭവിച്ചത്. പോലീസ് പത്രസമ്മേളനം വിളിച്ച് ഒരു 'മാവോയിസ്റ് കഥ' അവതരിപ്പിച്ചു. അനുസരണാലുക്കളായ മാദ്ധ്യമങ്ങളെ ഉപയോഗിച്ച് എനിക്കെതിരെയും അറസ്റ്റിലായ മറ്റുള്ളവർക്കെതിരെയും പൊതുജനവികാരം സൃഷ്ടിക്കുക എന്നതായിരുന്നു പോലീസിന്റെ ലക്ഷ്യം. 2018 ആഗസ്ത് 31ന് നടന്ന ഒരു പത്രസമ്മേളനത്തിൽ, നേരത്തെ അറസ്റ്റ് ചെയ്ത ആരുടെയോ വീട്ടിൽ നിന്നും പിടിച്ചടുത്തുവെന്ന് പോലീസ് അവകാശപ്പെടുന്ന ഒരു കത്ത് എനിക്കെതിരെ തെളിവായും അവതരിപ്പിച്ചു.

അങ്ങേയറ്റം അശ്രദ്ധമായി തട്ടിക്കൂട്ടിയ ഒരു കത്തായിരുന്നു അത്. ഞാൻ പങ്കെടുത്ത ഒരു അക്കാദമിക് കോൺഫറൻസിന്റെ വിവരങ്ങളായിരുന്നു കത്തിലുണ്ടായിരുന്നത്. ആ വിവരങ്ങളെല്ലാം അമേരിക്കൻ യൂണിവേഴ്സിറ്റി ഓഫ് പാരീസിന്റെ വെബ്സൈറ്റിൽ ആർക്കും ലഭ്യവുമായിരുന്നു. ആദ്യം ഞാൻ അത് നിസാരമായി തള്ളിക്കളഞ്ഞെങ്കിലും പിന്നീട് ആ പോലീസ് ഉദ്യോഗസ്ഥനെതിരെ സിവിലും ക്രിമിനലും ആയ മാനനഷ്ടക്കേസ് കൊടുക്കാൻ തീരുമാനിച്ചു. ഈ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കാൻ അനുമതി നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് മഹാരാഷ്ട്ര സർക്കാറിന് 2018 സെപ്റ്റംബർ 5ന് ഔദ്യോഗികമായി കത്തും അയച്ചു. ഇന്നുവരേക്കും സർക്കാരിന്റെ ഭാഗത്തു നിന്നും യാതൊരു മറുപടിയും കിട്ടിയിട്ടില്ല. ഹൈക്കോടതി താക്കീതു നൽകിയതിന് ശേഷമാണ് പോലീസുകാരുടെ പത്രസമ്മേളനങ്ങൾക്ക് ഒരു അറുതി വന്നത്.

ഈ കേസിലെ ആർ.എസ്.എസ്സിന്റെ ഇടപെടലുകൾ വളരെ വ്യക്തമാണ്. എന്റെ ഒരു മറാഠി സുഹൃത്ത് പറഞ്ഞത് പ്രകാരം, രമേശ് പതാങ് എന്ന ആർ.എസ്.എസ്സ് നേതാവ് 2015 ആപ്രിൽ മാസത്തിൽ അവരുടെ മുഖപത്രമായ 'പാഞ്ചജന്യ'യിൽ എനിക്കെതിരെ ഒരു ലേഖനമെഴുതി. അരുന്ധതി റോയിക്കും ഗെയിൽ ഓംവെദ്നും ഒപ്പം 'മായാവി അംബേദ്കർ വാദി' എന്നായിരുന്നു അതിൽ എന്നെ വിശേഷിപ്പിച്ചത്. ഹിന്ദു പുരാണത്തിൽ 'മായാവി' എന്നാൽ ഉന്മൂലനം ചെയ്യപ്പെടേണ്ട രാക്ഷസൻ എന്നാണർത്ഥം. പൂനെ പോലീസ് എന്നെ നിയമാതീതമായി അറസ്റ്റ് ചെയ്തപ്പോൾ ഹിന്ദുത്വ സൈബർ ക്രിമിനലുകൾ എന്റെ വിക്കിപ്പീഡിയ പേജ് തിരുത്തിയിരുന്നു. അതൊരു പൊതു പേജ് ആയിരുന്നു. വർഷങ്ങളോളം അങ്ങനെ ഒരു പേജ് ഉണ്ടെന്നുതന്നെ എനിക്കറിയില്ലായിരുന്നു. എന്റെ പേജിലെ എല്ലാ വിവരങ്ങളും അവർ ഒഴിവാക്കി. തൽസ്ഥാനത്തു എനിക്ക് 'മാവോയിസ്റ്റ് സഹോദരൻ ഉണ്ട്... വീട് റെയ്ഡ് ചെയ്യപ്പെട്ടു ... മാവോയിസ്റ്റ് ബന്ധത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടു' എന്നൊക്കെ എഴുതിച്ചേർത്തു. എപ്പോഴൊക്കെ ആ പേജ് തിരുത്തി നേരെയാക്കാൻ ശ്രമിച്ചിട്ടുണ്ടോ, അപ്പോഴെല്ലാം ഈ ആർ.എസ്.എസ് കൂട്ടം പേജ് കൈയേറുകയും വിവരങ്ങൾ തിരുത്തി അപകീർത്തികരമായ കാര്യങ്ങൾ കൂട്ടിച്ചേർക്കുകയുമാണ് ചെയ്യുന്നതെന്ന് എന്റെ ഒരു വിദ്യാർത്ഥി എന്നോട് പറയുകയുണ്ടായി. അവസാനം വിക്കിപീഡിയ ഇടപെട്ടു പേജ് ശരിയാക്കിയെങ്കിലും, ആർ.എസ്.എസ്സുകാർ എഴുതിയത് ചിലത് ഇപ്പോഴും ആ പേജിൽ കാണാം. അടുത്തത് എനിക്കെതിരെയുള്ള മാദ്ധ്യമയുദ്ധമായിരുന്നു. 'നക്സൽ വിദഗ്ദ്ധർ' എന്ന പേരിട്ട് കൊണ്ടിരുത്തുന്നവരെ വച്ച് എനിക്കെതിരെ കെട്ടുകഥകൾ പടച്ചുവിടുകയായിരുന്നു. ഈ വിഷയത്തിൽ ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് ഫൗണ്ടേഷന് നൽകിയ പരാതിക്കു പോലും മറുപടിയുണ്ടായില്ല. 2019 ഒക്ടോബർ മാസത്തിലാണ് പെഗാസസിനെ

(Pegasus)ക്കുറിച്ച് വാർത്തവരുന്നത്. ഞാനുൾപ്പെടെയുള്ള ആളുകളുടെ മൊബൈൽ ഫോണുകളിൽ ഇസ്രായേൽ ചാര സോഫ്റ്റ്‌വെയർ ആയ പെഗാസസ് സർക്കാർ തന്നെ ഇൻസ്റ്റാൾ ചെയ്തിരുന്നു. മാധ്യമങ്ങൾ ചെറുതായി ഈ വിഷയം ഏറ്റെടുത്തിരുന്നുവെങ്കിലും നിമിഷങ്ങൾക്കുള്ളിൽ അവരത് കൈവിട്ടു. സത്യസന്ധമായി അദ്ധ്വാനിച്ചും എന്നാൽ കഴിയുംവിധം എഴുത്തിലൂടെ മറ്റുള്ളവരെ സഹായിച്ചും ലളിത ജീവിതം നയിച്ചുപോരുന്ന ഒരാളാണ് ഞാൻ. കോർപ്പറേറ്റ് മേഖലയിലും അധ്യാപകനായും പൗരാവകാശ പ്രവർത്തകനായും ചിന്തകനായും കഴിഞ്ഞ അഞ്ചു പതിറ്റാണ്ടായി വിവിധ തുറകളിൽ ഈ രാജ്യത്തിന് വേണ്ടി കളങ്കമില്ലാത്ത സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു വ്യക്തി. മുപ്പതിൽപ്പരം വരുന്ന എന്റെ പുസ്തകങ്ങളിലോ, നിരവധിയായ പ്രബന്ധങ്ങളിലോ, ലേഖനങ്ങളിലോ, രാജ്യത്തിനകത്തും പുറത്തുമുള്ള പ്രഭാഷണങ്ങളിലോ അഭിമുഖങ്ങളിലോ അക്രമത്തിനോ വിധ്വംസക പ്രവർത്തനങ്ങൾക്കോ ഹേതുവാകുന്ന ഒന്നും തന്നെ കണ്ടെത്തുവാൻ സാധിക്കില്ല. എന്നാൽ ഇന്നിതാ എനിക്ക് മേൽ യു.എ.പി.എ ചുമത്തപ്പെട്ടിരിക്കുന്നു. എന്നെപ്പോലൊരു സാമാന്യ വ്യക്തിക്ക് ഈ സർക്കാരിന്റെയും അവരുടെ കുഴലൂത്ത് മാദ്ധ്യമങ്ങളുടെയും പ്രചാരവേലകളെ നേരിടുക അസാധ്യമാണ്. കേസിന്റെ വിശദാംശങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണ്. കെട്ടിച്ചമച്ച ഒരു തിരക്കഥയാണിതെന്ന് സാമാന്യബുദ്ധിയുള്ള ആർക്കും ഒറ്റനോട്ടത്തിൽ മനസിലാകും.

ഓൾ ഇന്ത്യ ഫോറം ഫോർ റൈറ്റ് ടു എഡ്യൂക്കേഷൻ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്നത് ഞാൻ നിങ്ങൾക്കു വേണ്ടി ഇവിടെ ഉദ്ധരിക്കാം: അറസ്റ്റ് ചെയ്യപ്പെട്ട മറ്റ് രണ്ടുപേരുടെ കമ്പ്യൂട്ടറുകളിൽ നിന്നും പോലീസ് കണ്ടെത്തി എന്ന് പറയപ്പെടുന്ന 13 കത്തുകളിൽ അഞ്ചെണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് എനിക്കുമേൽ കേസെടുത്തിരിക്കുന്നത്. എന്റെ പക്കൽ നിന്നും ഒന്നും ഇതുവരേക്കും കണ്ടെടുത്തിട്ടില്ല. കത്തുകൾ ഒരു 'ആനന്ദിനെ' പ്രതിപാദിക്കുന്നു എന്നതാണ് ആകെയുള്ള പരാമർശം. ഇന്ത്യയിൽ വളരെ സാധാരണമായ ഒരു പേരാണ് ആനന്ദ്. എന്നാൽ പൊലീസിന് സംശയാതീതമായി ഞാൻ മാത്രമാണ് ആനന്ദ്. കത്തിന്റെ സ്വഭാവവും ഉള്ളടക്കവും ഇങ്ങനെയൊക്കെയായിട്ടും, വിദഗ്ദ്ധർ ഉൾപ്പടെ അതിന്റെ ആധികാരികത തള്ളിക്കളഞ്ഞിട്ടും മുഴുവൻ ജുഡീഷ്യൽ സംവിധാനത്തിൽ തന്നെ ഒരേ ഒരു ജഡ്ജ് മാത്രമാണ് തെളിവുകളുടെ സ്വഭാവത്തെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറായത്. കത്തിന്റെ ഉള്ളടക്കത്തിലെ ഒന്നും തന്നെ വിദൂര സാധ്യതയിൽ പോലും ഒരു കുറ്റകൃത്യത്തിലേക്ക് വിരൽ ചൂണ്ടുന്നില്ല. എന്നാൽ എതിർവാദങ്ങൾ ഉയർത്താൻ കഴിയാത്ത യു.എ.പി.എ എന്ന കരിനിയമത്തിന്റെ ഇരയായി ഞാൻ ഇന്ന് ജലിയിലിനുള്ളിലായിരിക്കുന്നു. നിങ്ങൾക്കു മനസിലാകാൻ വേണ്ടി കേസ് അല്പം വിശദീകരിക്കാം: പെട്ടെന്നൊരു ദിവസം ഒരുകൂട്ടം പോലീസുകാർ നിങ്ങളുടെ വീട്ടിലേക്ക് കയറിവന്ന്, യാതൊരു രേഖയുടെയും പിൻബലവുമില്ലാതെ, സകലതും അരിച്ചുപെറുക്കും. നിങ്ങളെ അറസ്റ്റ് ചെയ്തു ലോക്കപ്പിലാക്കും. മോഷണമോ മറ്റെന്തെങ്കിലും കേസോ അന്വേഷിക്കുന്നതിന് (രാജ്യത്തെവിടെയുമാകാം) നിങ്ങളുടെ (ആരും ആകാം) വീട്ടിനുള്ളിൽ തിരച്ചിൽ നടത്തിയപ്പോൾ അവർ പെൻഡ്രൈവോ കമ്പ്യൂട്ടറോ കണ്ടെടുത്തുവെന്നും അതിൽ നിന്നും ഏതെങ്കിലും നിരോധിത സംഘടനയുടെ വക്താക്കൾ എഴുതിയ കത്ത് ലഭിച്ചുവെന്നും എന്നിട്ട് കോടതിയിൽ പറയും. ആ കത്തിൽ ഏതെങ്കിലും വ്യക്തിയെ പറ്റി പരാമർശിച്ചിട്ടുണ്ടാകും. പോലീസ് സമർത്ഥിക്കും അത് നിങ്ങൾ തന്നെയാണെന്ന്. നിങ്ങൾ ഏതോ ഗൂഢാലോചനയുടെ ഭാഗമായി അവതരിപ്പിക്കപ്പെടും. അതോടെ നിങ്ങൾക്ക് സകലതും നഷ്ടമായിട്ടുണ്ടാകും. ജോലി, വീട്, കുടുംബം... മാദ്ധ്യമങ്ങൾ വേട്ടയാടിക്കൊണ്ടേയിരിക്കും. എന്നാൽ നിങ്ങൾക്ക് ഒരു ചുക്കും ചെയ്യാൻ കഴിയില്ല. ജഡ്ജിമാരെ വിശ്വസിപ്പിക്കാൻ പോലീസുകാർ മുദ്രവെച്ച കവറുകളിൽ 'തെളിവുകൾ' കൈമാറും. പ്രഥമദൃഷ്ട്യാ കേസ് നിലനിൽക്കുമെന്നും കസ്റ്റഡിയിൽ വേണമെന്നും ആവശ്യപ്പെടും. ആ ഘട്ടത്തിൽ ജഡ്ജി നിങ്ങളുടെ ഒരു വാദത്തിനും ചെവി തരില്ല. എല്ലാം വിചാരണ സമയത്ത് കേൾക്കാം എന്ന് പറയും. കസ്റ്റഡിയിലെ ചോദ്യം ചെയ്യലിന് ശേഷം നിങ്ങളെ ജയിലിൽ അയക്കും. കോടതികളിൽ നിങ്ങൾ ജാമ്യത്തിന് വേണ്ടി അപേക്ഷിച്ചുകൊണ്ടേയിരിക്കും. അവർ നിരസിച്ചുകൊണ്ടും. ജാമ്യം ലഭിക്കാനോ വെറുതെവിടാനോ നാല് മുതൽ പത്തു വർഷം വരെ എടുക്കും. ഇത് ആർക്കും സംഭവിക്കാവുന്നതാണ്. നിരപരാധികളായ പൗരന്മാരുടെ ഭരണഘടനാ അവകാശങ്ങൾ തന്നെ തച്ചുടക്കുന്ന ഇത്തരം കരിനിയമങ്ങൾക്ക് മേൽ രാജ്യസുരക്ഷയുടെ കുപ്പായം അണിയിക്കുന്നതോടെ അവയും ഭരണഘടനാപരമായ നിയമങ്ങൾ ആയി മാറും! തീവ്രദേശീയതയും കടുത്ത ദേശീയവാദവുമാണ് എതിർ ശബ്ദങ്ങളെ ഇല്ലായ്മ ചെയ്യുവാനും ജനതയെ ഭിന്നിപ്പിക്കുവാനും രാഷ്ട്രീയ പാർട്ടികൾ പ്രയോഗിക്കുന്ന മാരക ആയുധങ്ങൾ. ചിത്തഭ്രമം പിടിച്ച ഈ രാഷ്ട്രീയാവസ്ഥയിൽ പദപ്രയോഗങ്ങളുടെ അർത്ഥതലങ്ങൾ പോലും കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ഈ രാജ്യത്തെ നശിപ്പിക്കുന്നവരാണ് ഇന്ന് 'ദേശഭക്തർ'. രാജ്യത്തെ നിസ്വാർത്ഥമായി സേവിച്ചവർ 'ദേശദ്രോഹികളും'.

എന്റെ രാജ്യം തകർക്കപ്പെടുന്നത് മാത്രമാണ് എനിക്ക് കാണാൻ കഴിയുന്നത്. പ്രതീക്ഷയുടെ ഒരു വിദൂര വെളിച്ചം മാത്രമേ ഇതെഴുതുമ്പോൾ എനിക്ക് മുന്നിലുള്ളൂ. ഞാൻ എൻ.ഐ.എ കസ്റ്റഡിയിലേക്ക് പോകുന്നു. ഇനി നിങ്ങളോട് എന്ന് സംസാരിക്കാനാകുമോ എന്നറിയില്ല. നിങ്ങളെത്തേടി അവർ എത്തും മുമ്പെങ്കിലും നിങ്ങൾ ശബ്ദമുയർത്തുമെന്ന് ഞാൻ ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു. ■